# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 111/2025** **തിരുവനന്തപുരം, തീയതി: 26.05.2025**

## പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം (FYUGP) 2025-26 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള (FYUGP) 2025-26 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.keralauniversity.ac.in) ആരംഭിച്ചു.

എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും മറ്റ് സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴിയായിരിക്കും അലോട്ട്മെന്റ്. കേരള സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട, ഭിന്നശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ ഉൾപ്പെടെ) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം. ബിഎ മ്യൂസിക്, ബിപിഎ എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരും ഏകജാലക പോർട്ടൽ വഴി അപേക്ഷിക്കേണ്ടതാണ്.

ഇന്ത്യൻ സിറ്റിസൺ ആയിട്ടുള്ള വിദ്യാർഥികൾ മാത്രമേ ഈ ഏകജാലക സംവിധാനം വഴി അപേക്ഷിക്കാൻ പാടുള്ളൂ. OCI കാർഡ് ഉള്ളവരോ വിദേശ വിദ്യാർത്ഥികളോ അഡ്മിഷന് താല്പര്യമുള്ളപക്ഷം cga@keralauniversity.ac.in എന്ന ഇ-മെയിലിൽ ബന്ധപ്പെടാവുന്നതാണ്.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവ ശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പർ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

## സ്പോർട്സ് ക്വാട്ട

സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയിലെ സ്പോർട്സ് കോളത്തിന് നേരെ 'യെസ്' എന്ന് രേഖപ്പെടുത്തണം. സ്പോർട്സ് ഇനം, ഏതു തലത്തിലെ നേട്ടമാണ് എന്നിവ സെലക്ട് ചെയ്തതിനു ശേഷം സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷനിൽ നൽകിയിട്ടുള്ള കോളേജുകളും ഓപ്ഷനുകളും മാത്രമേ പരിഗണിക്കുകയുള്ളൂ.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴി മാത്രം അടയ്ക്കേണ്ടതാണ്. ഡിമാന്റ്ഫ ഡ്രാഫ്റ്റ്, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

സംശയനിവാരണത്തിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും 8281883052, 8281883053, 8281883052 (WhatsApp) എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

പ്രോസ്പെക്ടസ് വായിച്ചതിന് ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ നടത്തുക. കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂൺ 07.

## കേരളസർവകലാശാല നാല് വർഷ ബിരുദ പ്രവേശനം - 2025

കേരളസർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള (2025 അഡ്മിഷൻ) പ്രവേശനം നേടുന്നതിനായി ഓൺലൈൻ മുഖേന 2025 മെയ് 28 വരെ അപേക്ഷിക്കാവുന്നതാണ്. യോഗ്യത: പ്ലസ്ടു/ഹയർ സെക്കണ്ടറി തത്തുല്യം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലാണ് അഡ്മിഷൻ. അപേക്ഷകൾ https://admissions.keralauniversity.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. അപേക്ഷാഫീസ് എസ്.സി/എസ്.ടി: 600/- രൂപ, മറ്റുള്ളവർ: 1200/- രൂപ, വിശദവിവരങ്ങൾക്ക്: 0471-2308328, 9188524612, ഇ-മെയിൽ: cssfyugphelp2025@gmail.com.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിവോക് സോഫ്ട്വെയർ ഡെവലപ്മെന്റ് (351) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 ജൂൺ 3 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എംബിഎ (സപ്ലിമെന്ററി – 2020, 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംബിഎ (സപ്ലിമെന്ററി – 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## വൈവവോസി പുനഃ ക്രമീകരിച്ചു

കേരളസർവകലാശാല 2025 മെയ് 28, 29, 30 തീയതികളിൽ നടത്താനിരുന്ന ആറാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി ഡിഗ്രി പരീക്ഷയുടെ വൈവവോസി, യുവജനോത്സവത്തോടനുബന്ധിച്ച് 2025 ജൂൺ 5, 9, 10 തീയതികളിലേക്ക് മാറ്റി വച്ചിരിക്കുന്നു. മറ്റു ദിവസങ്ങളിലെ വൈവവോസി പരീക്ഷകൾക്കോ, സമയത്തിനോ, പരീക്ഷ കേന്ദ്രത്തിനോ മാറ്റമില്ല.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജൂൺ 16 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽബി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## വൈവവോസി

കേരളസർവകലാശാല 2025 മെയ് 5 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എംപിഇഎസ് (M.P.E.S) (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഡെസർട്ടേഷൻ വൈവവോസി പരീക്ഷ 2025 മെയ് 28 ബുധനാഴ്ച കാര്യവട്ടം L.N.C.P.E. യിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബിടെക് ഡിസംബർ 2024 2013 പ്രാക്ടിക്കൽ പരീക്ഷ 13806 അൽഗോരിതം ഡിസൈൻ ആൻഡ് ഗ്രാഫിക്സ് ലാബ് (കമ്പ്യൂട്ടർ സയൻസ് എൻജിനീയറിങ് ബ്രാഞ്ച്) 2025 ജൂൺ 2ന് ആറ്റിങ്ങൽ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**